# പതിനാലാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2885 17.10.2016 ൽ മറുപടിയ്ക്ക്

## ആയുർവേദ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകരുടെ ഒഴിവുകൾ

| ചോദ്യം<br>ശ്രീ. റ്റി.വി.രാജേഷ് | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിലെ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജുകളിൽ നിലവിൽ അദ്ധ്യാപകരുടെ ഒഴിവുകളുണ്ടോ; കോളേജുകൾ തിരിച്ച് വിശദാംശങ്ങൾ നൽകാമോ; | (എ) | ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൻ കീഴിലെ മൂന്ന് സർക്കാർ ആയുർവേദ കോളേജുകളിൽ അധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം ഗവ.ആയുർവേദ കോളേജ്<br>അഗദതന്ത്ര വിഭാഗം - 3<br>ക്രിയാശരീര വിഭാഗം - 1<br>പഞ്ചകർമ്മ വിഭാഗം - 3<br>പ്രസൂതി-സ്ത്രീരോഗ വിഭാഗം - 1<br>സംസ്കൃത, സിദ്ധാന്ത, സംഹിത വിഭാഗം-2<br>ദ്രവ്യഗുണ വിഭാഗം - 1<br>കായചികിത്സ വിഭാഗം - 1<br>തൃപ്പൂണിത്തുറ ഗവ. ആയുർവേദ കോളേജ്<br>സംസ്കൃത, സിദ്ധാന്ത, സംഹിത വിഭാഗം-1<br>രചനാശരീര വിഭാഗം - 1<br>കൗമാരഭൃത്യവകുപ്പ് - 1<br>രോഗനിദാന വിഭാഗം - 1<br>ക്രിയാശരീര വിഭാഗം - 2<br>പഞ്ചകർമ്മ വിഭാഗം - 1<br>ശാലാക്യതന്ത്ര വിഭാഗം - 1<br>ദ്രവ്യഗുണ വിഭാഗം - 2<br>കണ്ണൂർ ഗവ.ആയുർവേദ കോളേജ്<br>സ്വസ്ഥവൃത്ത വകുപ്പ് - 1.<br>സംഹിത സംസ്കൃത സിദ്ധാന്ത വകുപ്പ് - 3<br>കൗമാരഭൃത്യവകുപ്പ് - 1<br>രചനാശരീര വകുപ്പ് - 1<br>പഞ്ചകർമ്മ വകുപ്പ് - 1<br>അഗദതന്ത്ര വകുപ്പ് - 2<br>ശാലാക്യതന്ത്ര വകുപ്പ് - 2 |

| | | | |
|---|---|---|---|
| | | | ദ്രവ്യഗുണ വകുപ്പ് - 1<br>രചനാശരീര വകുപ്പ് - 1 |
| (ബി) | അദ്ധ്യാപകരുടെ കുറവുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കൂടുതൽ അദ്ധ്യാപകരുള്ള കോളേജുകളിൽനിന്നും പുനർവിന്യാസം നടത്താൻ നടപടി സ്വീകരിക്കുമോ; | (ബി) | പ്രവേശന തസ്തികയിലെ അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തുടങ്ങിയ ഉയർന്ന തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നതിനായി ഡി.പി.സി. (ഹയർ) കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കണ്ണൂർ ആയുർവ്വേദ കോളേജിൽ നിലവിൽ അവധിയിൽ പ്രവേശിച്ച എത്ര അദ്ധ്യാപകർ ഉണ്ട്; അനധികൃതമായി ലീവിൽ തുടരുന്ന അദ്ധ്യാപകരുണ്ടോ; ഉണ്ടെങ്കിൽ അവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | നിലവിൽ 2 അദ്ധ്യാപകർ അർഹതപ്പെട്ട അവധിയിലാണ്. അനധികൃതമായി ആരും അവധിയിലില്ല. |
| (ഡി) | അദ്ധ്യാപക ക്ഷാമത്തിന് പരിഹാരം കാണാൻ സത്വര നടപടി സ്വീകരിക്കുമോ? | (ഡി) | അദ്ധ്യാപക ക്ഷാമത്തിന് പരിഹാരം കാണുന്നതിന്റെ ഭാഗമായി ഇതിനകം 9 തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ